III. ശ്രദ്ധക്ഷണിക്കൽ

(1) എം. സി. റോഡിന്റെ ശോചനീയാവസ്ഥ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ നോട്ടീസ് കൊടുത്തത്. നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് തിരുവിതാംകൂറിൽ ദേശീയ പാതകളും തീരദേശ പാതകളും വരുന്നതിനു മുമ്പ്, ഏറ്റവും പ്രധാനപ്പെട്ട റോഡായിരുന്നു എം. സി. റോഡ് (മെയിൻ സെൻട്രൽ റോഡ്). മലബാറിൽ പോകുന്നവരും കൊച്ചിയിൽ പോകുന്നവരും പാലക്കാട് വഴി തമിഴ്നാട്ടിലേയ്ക്ക് പോകുന്നവരും സഞ്ചരിച്ചുകൊണ്ടിരുന്ന അതിപ്രധാനമായ റോഡാണ് എം. സി. റോഡ്. ഇന്ന് ആ റോഡിന്റെ സ്ഥിതി കേശവദാസപുരം മുതൽ ചെങ്ങന്നൂർ വരെ ദയനീയമാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട അങ്ങും അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. ഒരു നിവൃത്തിയുമില്ല. കഴിഞ്ഞ പ്രാവശ്യവും ഞാൻ അങ്ങയോട് ഇക്കാര്യം പറഞ്ഞപ്പോൾ, മെയിന്റനൻസ് നടത്തുമെന്ന് ഉറപ്പു നൽകിയതാണ്. ഇപ്പോൾ ഒരു 'no man's land' ആയി ആ റോഡ് മാറിയിരിക്കുകയാണ്. മരാമത്തു വകുപ്പിന്റെ, സുപ്രധാനമായ റോഡുകളിൽ ഒന്നായ, സ്റ്റേറ്റ് ഗവൺമെന്റിന്റെ അധീനതയിലുള്ള, കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് കൊണ്ടല്ലാതെ മെയിന്റനൻസ് നടത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട റോഡായ എം. സി. റോഡ് കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി ഒരു കുഴി പോലും അടയ്ക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. ഇത് വേൾഡ് ബാങ്ക് പ്രോജക്ടിൽ എടുത്തപ്പോൾ അന്ന് നിയമസഭയിൽ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞതും നേരിട്ട് പറഞ്ഞതും ഇതിന്റെ മെയിന്റനൻസിനുള്ള ഉത്തരവാദിത്വം കോൺട്രാക്ടർക്ക് കൊടുത്തിരിക്കുന്നു എന്നാണ്. അതായത്, സാധാരണ ഗതിയിൽ PWD ചെയ്യേണ്ട പണി വേൾഡ് ബാങ്കിന്റെ സ്കീമിൽപ്പെടുത്തിയതുകൊണ്ട് പൂർത്തിയാകുന്നതുവരെ കോൺട്രാക്ടർ തന്നെ ഈ പണി ചെയ്യണം എന്നാണ് വ്യവസ്ഥ. ഇപ്പോൾ സ്ഥിതി വളരെ ദയനീയമാണ്. എന്തുകൊണ്ടാണ് താമസിക്കുന്നതെന്ന് അറിയില്ല. ബിറ്റ് ബിറ്റായി ചില സ്ഥലങ്ങളിലൊക്കെ ഈ റോഡിന്റെ പണി തീർന്നിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. തീരാത്ത സ്ഥലങ്ങളിൽ യാതൊരു മെയിന്റനൻസും ഇല്ലാതെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നു. വാഹനങ്ങൾ ഓടിക്കാൻ നിവൃത്തിയില്ല, റോഡിൽക്കൂടി ഓടിക്കുന്ന ചെറിയ വാഹനങ്ങളുടെ അടിവശം റോഡിൽ തട്ടുന്ന രീതിയിൽ അഗാധമായ കുഴികൾ പല സ്ഥലത്തും രൂപം കൊണ്ടിരിക്കുകയാണ്. എനിക്ക് വളരെ സ്നേഹവും വാത്സല്യവുമുള്ള ആളാണ് ശ്രീ. എം. കെ. മുനീർ. അദ്ദേഹം മിടുക്കനാണ്. അദ്ദേഹത്തെപ്പറ്റി എനിക്ക് അഭിപ്രായവ്യത്യാസമില്ല. എന്തെങ്കിലും അപകടം കാണിക്കുന്ന ആളാണെന്ന് എനിക്ക് അദ്ദേഹത്തെപ്പറ്റി അഭിപ്രായമില്ല. പക്ഷേ ആവശ്യമായ പിന്തുണയും കൈത്താങ്ങും വളരെ പ്രധാനപ്പെട്ട ഒരു വകുപ്പിന്റെ ചുമതല വഹിക്കുന്ന ചെറുപ്പക്കാരനും നല്ലവനുമായ ശ്രീ. മുനീറിന് ഗവൺമെന്റ് നൽകാത്തതാണ് ഈ കുഴപ്പങ്ങൾക്കൊക്കെ കാരണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനും അതാണ് കുഴപ്പം. അവർക്ക് കാശ് കിട്ടണ്ടെ? വരവുള്ള വകുപ്പല്ലല്ലോ വിദ്യാഭ്യാസ വകുപ്പ്. ഇന്ന് നമ്മുടെ റോഡിന്റെ സ്ഥിതി വളരെയധികം മോശമായ ഒരു സാഹചര്യത്തിലാണ് എത്തിയിരിക്കുന്നത്. ഇതിന് ഭൂമി ഏറ്റെടുക്കണം. ഈ വേൾഡ് ബാങ്ക് പ്രോജക്ടിൽ ഭൂമി ഏറ്റെടുക്കാൻ ചെറിയ തടസ്സങ്ങളില്ലെന്ന് ഞാൻ പറയുന്നില്ല. കഴിഞ്ഞ 50 കൊല്ലമായുള്ള പൊതുജീവിതത്തിലെ എന്റെ അനുഭവത്തിൽ ഏറ്റവും കുറച്ച് resistance വന്ന അക്വിസിഷൻ നടപടികളാണ് വെഞ്ഞാറമൂട് മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്ത് റോഡിനുവേണ്ടി ഉണ്ടായിട്ടുള്ളത്. പണമൊക്കെ കോടതിയിൽ കെട്ടിവച്ച് ആളുകൾ എടുത്തുകഴിഞ്ഞു. കോടതികളിൽ കേസിന്റെ എണ്ണം താരതമ്യേന കുറവാണ്. ഏറ്റെടുത്ത സ്ഥലങ്ങളിൽ ജോലി ചെയ്യാതിരിക്കുന്നതിന്റെ ന്യായീകരണമെന്താണ്? എന്റെ നിയോജകമണ്ഡലത്തിൽ ഈ റോഡ് കടന്നുപോകുന്നത് 30 കിലോമീറ്ററാണ്. ഈ 30 കിലോമീറ്ററിൽ ഞാൻ അന്വേഷിച്ചപ്പോൾ ഒരു ഡസനിൽ താഴെയുള്ള ചെറിയ അക്വിസിഷൻ മാത്രമേ തർക്കമുള്ളതുള്ളൂ. ബാക്കിയൊക്കെ പുതിയ ഗവൺമെന്റിന്റെ നിബന്ധനയനുസരിച്ച് പണം വാങ്ങാതെ തന്നെ റോഡിന് സ്ഥലം വിട്ടുകൊടുത്തതാണ്. കാരണം പുതിയ പഞ്ചായത്ത് നിയമം അനുസരിച്ച് പണം വാങ്ങാതെ റോഡിന് സ്ഥലം വിട്ടുകൊടുത്താൽ അവിടെവച്ച് പഞ്ചായത്തിന് കെട്ടിടം കെട്ടാനുള്ള അനുവാദം കൊടുക്കാം. അതുകൊണ്ട് പല വസ്തു ഉടമസ്ഥരും പ്രധാന സ്ഥലങ്ങളിൽ പണം ആവശ്യപ്പെട്ടതുപോലുമില്ല. കോമ്പൻസേഷൻ വേണ്ടെന്ന് എഴുതിക്കൊടുത്തതിന്റെ അടിസ്ഥാനത്തിൽ വിട്ടുകൊടുത്ത വളരെയധികം സ്ഥലങ്ങളുണ്ട്. കൊട്ടാരക്കര ടൗണിൽ 80 ശതമാനത്തോളം പണം വാങ്ങാതെ സ്ഥലം വിട്ടുകൊടുത്തിരിക്കുന്നു. ഭൂമി കിട്ടിയിട്ടും ജോലി അവിടെയെങ്ങും നടത്താതിരിക്കുന്നതിന് ന്യായീകരണമൊന്നുമില്ല. ഒറ്റ ന്യായീകരണം മാത്രമേയുള്ളൂ, ഞാൻ പറയുന്നതിൽ ക്ഷമിക്കണം, വേൾഡ് ബാങ്കിന്റെ പദ്ധതി എന്നുള്ള നിലയിൽ arbitration clause ഉള്ള കോൺട്രാക്ടാണിത് നിയമം അറിയാവുന്ന അങ്ങേയ്ക്കറിയാം; സംസ്ഥാന ഗവൺമെന്റിന് arbitration contract ഇല്ല. എന്നാൽ foreign fund ഉപയോഗിച്ചു ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് arbitration clause നിർബന്ധമാണ്. അതിപ്പോൾ ശ്രീ. എം. കെ. മുനീർ വിചാരിച്ചാലോ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വിചാരിച്ചാലോ വേണ്ടെന്നു വയ്ക്കാൻ സാധിക്കില്ല. ഇപ്പോൾ ജപ്പാൻ കൂടിവെള്ള പദ്ധതിക്കും അതുണ്ട്. അതുകൊണ്ട് ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മാത്രമല്ല, ചില നിയോജകമണ്ഡലങ്ങളിലൊന്നും എം.എൽ.എ.മാർ ഇല്ലാത്തതുകൊണ്ട് ചുമതലപ്പെടുത്തിയ എം.എൽ.എ.മാരൊന്നും ഇത് ചെയ്യാൻ തയ്യാറല്ല. അതാണ് അതിന്റെ കുഴപ്പം. അതുകൊണ്ടാണ് ഇത് പറയേണ്ടി വന്നത്. arbitration clause ഉള്ളതുകൊണ്ട് എങ്ങനെയും വർക്ക് ഡിവൈഡ് ചെയ്ത് ഈ വസ്തു വിട്ടുകിട്ടില്ലെന്ന് ബോധ്യപ്പെടുത്തി കോടതിയെ സമീപിക്കാൻ വേണ്ടി എഞ്ചിനീയർമാരും റവന്യൂ ഉദ്യോഗസ്ഥരും കോൺട്രാക്ടർമാരും തമ്മിൽ ഒത്തുകളി നടത്തുന്നു എന്ന് ബോധ്യമുള്ളതുകൊണ്ട് അങ്ങയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്, ഇത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടംപോലെ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്, കാര്യമായ തർക്കമില്ല. പക്ഷേ പണിയൊന്നും കാര്യമായി ഈ 30 കിലോമീറ്ററിലും നടക്കുന്നില്ല. ഇതിന്റെ കാലാവധി ദീർഘിപ്പിക്കുമ്പോൾ സ്ഥലം സമയത്ത് എടുത്തുകൊടുത്തില്ല എന്നുപറഞ്ഞ് ഇപ്പോൾത്തന്നെ കോൺട്രാക്ടർമാർ കോടതിയിലേക്ക് പോകാൻ തുടങ്ങിക്കഴിഞ്ഞു. അപ്പോൾ ജോലി മുടങ്ങുകയും വമ്പിച്ച തുക ഈ അടിസ്ഥാനത്തിൽ കോൺട്രാക്ടർമാർ ഭാവിയിൽ കൊടുക്കേണ്ടിവരികയും ചെയ്യുന്ന ഒരു സ്ഥിതി സംജാതമാകാൻ പോവുകയാണ്. അതുകൊണ്ട് അങ്ങ് ഈ കാര്യത്തിൽ വ്യക്തിപരമായി ശ്രദ്ധചെലുത്തണം. പണംകൊടുത്തു എന്നുപറയുന്നവർക്കും പണം കിട്ടിയിട്ടില്ല, പലരും ചെക്ക് മാറ്റാൻപോയിട്ട് ട്രഷറിയിൽ നിന്ന് മാറുന്നില്ല. ലോകബാങ്കിന്റെ പണം ട്രഷറിയിലേക്ക് ചെക്ക് കൊടുത്തിട്ട് മാറി കൊടുക്കുന്നില്ല. എക്സംപ്റ്റ് ചെയ്തിരിക്കുന്ന ഐറ്റത്തിൽ നിർഭാഗ്യവശാൽ ഇത് പെടുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് പി.ഡബ്ലിയു.ഡി. ഫണ്ട് എന്നുള്ളതിലേക്ക് പോകാതെ ലോകബാങ്കിന്റെ പണം നമ്മുടെ ബാങ്കുകളിലേക്കും ട്രഷറികളിലേക്കും വന്നത് മാറിക്കൊടുക്കാൻ ഏർപ്പാട് ചെയ്യണം. ചെക്ക് വാങ്ങാൻ തയ്യാറില്ലാത്തവർക്ക് കോടതികളിൽ പണം കെട്ടിവയ്ക്കണം. ഉദ്യോഗസ്ഥർക്ക് പണംകൊടുത്ത് കോടതികളിൽ കെട്ടിവയ്ക്കാനുള്ള ഏർപ്പാട് അങ്ങ് ചെയ്യണമെന്നാണ് ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതുകൊണ്ട് ഈ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായ സ്ഥലത്ത് റോഡിന്റെ പണി നടത്തണം. പൂർത്തിയാകാത്ത സ്ഥലത്ത് പുറകെ നടത്തണം. അതുപോലെതന്നെ പ്രത്യേകിച്ച് arbitration clause ഉള്ളതുകൊണ്ട് വമ്പിച്ച ബാധ്യത സംസ്ഥാന സർക്കാരിന് ഭാവിയിലുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ഞാൻ പലതിലും അനുഭവസ്ഥനാണ്, വിദ്യുച്ഛക്തി വകുപ്പിൽ പല നിർമ്മാണ പ്രവർത്തനങ്ങൾക്കും ആർബിട്രേഷൻ അവസാനിപ്പിക്കുന്നതുവരെ കോടികൾ കൈമാറേണ്ടിവന്നു. ഇറിഗേഷൻ വകുപ്പിൽ കല്ലട പദ്ധതി പോലുള്ള പദ്ധതികൾക്ക് കോടികൾ കൈമാറേണ്ടിവന്നു. ആ അവസ്ഥ ഇതിനു വരാതിരിക്കാൻ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട മന്ത്രി അതിലെക്കുടി ഒരുദിവസമെന്ന് യാത്രചെയ്യണം. ഇതിന്റെ മെയിന്റനൻസ് ദയവായി അടിയന്തിരമായി നടത്തി ഈ മഴക്കാലത്ത് വണ്ടികൾക്ക് പോകാൻ കഴിയുന്ന സാഹചര്യമുണ്ടാക്കാൻ നിർബന്ധപൂർവ്വമുള്ള നിർദ്ദേശം കോൺട്രാക്ടർക്ക് കൊടുക്കണം. അങ്ങ് പറഞ്ഞതനുസരിച്ച് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് അവരാണ് ചെയ്യേണ്ടതെങ്കിൽ അവർ അതിൽ വീഴ്ചവരുത്തിയിരിക്കുന്നു. അത് പരിഹരിച്ച് മുന്നോട്ടു പോകാനുള്ള പരിശ്രമം അങ്ങിൽ നിന്നുമുണ്ടാകുമെന്നുള്ള വിശ്വാസത്തോടുകൂടി ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള കാര്യം കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായ ഒരു വിഷയമാണെന്ന് മനസ്സിലാക്കിയിട്ടുണ്ടെന്ന് ആദ്യം തന്നെ വ്യക്തമാക്കുകയാണ്. യഥാർത്ഥത്തിൽ എം.സി. റോഡ് വളരെ നാളുകൾക്കുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

തന്നെ നാഷണൽ ഹൈവേയുടെ നിലവാരത്തിലേക്ക് വരേണ്ടതായിരുന്നു. ദേശീയ പാതയുടെ ഭാഗമാക്കണമെന്ന് പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും നമുക്ക് അത് ഉൾപ്പെടുത്തി കിട്ടിയിട്ടില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ എം.സി. റോഡ് ദേശീയ പാതയാക്കണമെന്ന് ആവശ്യപ്പെട്ടപ്പോഴും പുതിയ ദേശീയ പാതയൊന്നും പ്രഖ്യാപിക്കുന്നില്ല എന്ന് കേന്ദ്രഗവൺമെന്റ് അറിയിക്കുകയുണ്ടായി. ഉന്നതനിലവാരമുള്ള റോഡ് ആക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് ലോകബാങ്ക് പദ്ധതിയിൽ upgradation project-ലേയ്ക്ക് ഇത് മാറ്റിയത്. രണ്ടുതരത്തിലുള്ള പ്രോജക്ട് കെ.എസ്.ടി.പി.യിൽ തന്നെയുണ്ട്. (1) Heavy maintenance -എന്നുപറഞ്ഞാൽ വീതികൂട്ടാതെ ഉള്ള റോഡിനെ ശക്തിപ്പെടുത്തി മനോഹരമാക്കി കുറഞ്ഞ സമയത്തിനുള്ളിൽ നിർമ്മിക്കാൻ സാധിക്കുന്നത്. കേരളത്തിൽ എത്രയോ റോഡുകൾ, ഏകദേശം 1000 കിലോമീറ്റർ റോഡുകൾ heavy maintenance-ൽപ്പെടുത്തി ഒരു വിധം പണി പൂർത്തീകരിച്ച് മനോഹരമായ റോഡുകളായി മാറിയിട്ടുണ്ട്. പക്ഷേ അതിലും കുറച്ചുകൂടി നിലവാരത്തിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് കുറച്ച് ലാൻഡ് എടുത്ത് വളവുകൾ നികത്തി കുറച്ചുകൂടി പാലങ്ങൾ വീതികൂട്ടി upgradation project-ലേയ്ക്ക് ഇതിനെ നിർദ്ദേശിച്ചത്. ഇതിൽ പ്രവൃത്തി തുടങ്ങിയപ്പോൾ ഉണ്ടായിട്ടുള്ള ചില പ്രശ്നങ്ങൾ, കുറേയൊക്കെ സ്ഥലം കിട്ടിയിട്ടുണ്ടെങ്കിലും പൂർണ്ണമായും land acquisition പൂർത്തീകരിക്കാൻ നമുക്ക് പല സ്ഥലത്തും സാധിക്കാതെ വന്നു എന്നുള്ളതാണ് പല സ്ഥലത്തും വ്യവഹാരങ്ങൾ വന്നു, ചിലത് കോടതിയിൽ തന്നെ നിൽക്കുന്ന അവസ്ഥയുണ്ടായി. അതുകൊണ്ടാണ് ഗവൺമെന്റ് ആലോചിച്ച് fast track -ൽ ഈ ലാൻഡ് എടുക്കുന്നതിന് ഒരു പ്രത്യേക ഉദ്യോഗസ്ഥനെതന്നെ നിയോഗിക്കുകയും ആ ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ ഇപ്പോൾ സ്ഥലമെടുപ്പ് നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നത്. വേൾഡ് ബാങ്ക് ഇവിടെ വന്നു, ലാൻഡ് കിട്ടുന്നതിൽ വളരെയധികം കാലതാമസം ഉണ്ടായതിൽ അവരുടെ ആശങ്ക അവർ പ്രകടിപ്പിച്ചു. ജൂൺ മാസം അവസാനമായതോടുകൂടി കുറേയധികം ലാൻഡ് അവിടെ ലഭ്യമായിട്ടുണ്ട്. ലാൻഡ് ലഭ്യമായ മുറയ്ക്ക് പല സ്ഥലത്തും ഇപ്പോൾ പ്രവർത്തി നടത്തിവരുന്നുണ്ട്. 2006 മാർച്ചോടുകൂടി പ്രധാനപ്പെട്ട ഭൂരിഭാഗം സ്ഥലത്തെയും റോഡ് നിർമ്മാണം പൂർത്തീകരിക്കുന്ന രീതിയിൽ ഇതിനെ നേരിട്ട് മന്ത്രിതലത്തിൽ തന്നെ റിവ്യൂ ചെയ്തുകൊണ്ട് മുന്നോട്ടുപോവുകയാണ്. അതിനിടയിൽ നമുക്ക് വീണ്ടും ഒരു വർഷകാലം വന്നിരിക്കുന്നു. ഒരു ചെറിയ തടസ്സം വന്നു എന്നുള്ളതല്ലാതെ മാർച്ച് ആകുമ്പോൾ എം.സി. റോഡിന്റെ പ്രധാനപ്പെട്ട ഭാഗങ്ങൾ, ഈ പറഞ്ഞ ചെങ്ങന്നൂർവരെയുള്ള ഭാഗങ്ങളിലെ 80 ശതമാനത്തിലധികം റോഡും നമുക്ക് പൂർത്തീകരിച്ചെടുക്കാൻ സാധിക്കുമെന്നുള്ള ശുഭാപ്തി വിശ്വാസത്തിലാണ് പോകുന്നത്. എം.സി. റോഡിൽ മറ്റുള്ള ഭാഗങ്ങളിൽ സ്ഥലമെടുപ്പ് നടന്നുവരികയാണ്. അതിനൊക്കെ time extension വന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ കരാറുകാരന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ച കാരണം സമയബന്ധിതമായി അത് തീർക്കുന്നതിലും പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അങ്ങു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ ആർബിട്രേഷൻ ക്ലോസ് വലിയൊരു പ്രശ്നം തന്നെയാണ്. അത് ഗൗരവമായി ഗവൺമെന്റ് ചർച്ച ചെയ്യുന്നുണ്ട്. കാബിനറ്റിൽ തന്നെ ആ വിഷയം കൊണ്ടുവന്ന് ഡിസ്ക്കസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.. പക്ഷേ സ്ഥലം ലഭ്യമായിട്ടും കോൺട്രാക്ടർ താമസിപ്പിക്കുന്നുണ്ടെങ്കിൽ പിന്നെയും പ്രശ്നം വരും. പണം ഗവൺമെന്റ് തിരിച്ച് ഉപയോഗിക്കുന്ന രീതിയിലുള്ള ക്ലോസ് ഇതിലുള്ളതുകൊണ്ട് സ്ഥലം ലഭ്യമായിട്ടും വർക്കുകൾ നടക്കാത്ത ഒരു സാഹചര്യമുണ്ടായിക്കഴിഞ്ഞാൽ അത് കോൺട്രാക്ടറെ സംബന്ധിച്ചിടത്തോളം കോൺട്രാക്ടർക്കുതന്നെ നഷ്ടമുണ്ടാക്കുന്നതാണ്. പക്ഷേ സ്ഥലം ലഭ്യമാക്കി കൊടുക്കാനുള്ള ഗവൺമെന്റിന്റെ ജോലി പലപ്പോഴും കോടതിയിൽ പോയി സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ടെങ്കിലും ഇപ്പോൾ ഗവൺമെന്റുതന്നെ അക്കാര്യം നേരിട്ട് പരിശോധിച്ചുവരികയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ എം.സി. റോഡിൽ 90 കിലോമീറ്റർ ദൂരം വരെ വരുന്ന ഈ പറഞ്ഞ ഭാഗത്ത് 17 കിലോമീറ്റർ ദൂരം ഇതിനകം ഉപരിതലം പുനർനിർമ്മിച്ചുകഴിഞ്ഞു. 40 കിലോമീറ്ററിന്റെ പണിയാണ് ഇപ്പോൾ വളരെയധികം വേഗത്തിൽ നടന്നുവരുന്നത്. ബാക്കിയുള്ള സ്ഥലം ലഭിച്ചാൽ ഈ 90 കിലോമീറ്റർ വരുന്ന മാർച്ചോടുകൂടി പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിക്കും. ആകെ 235 കലുങ്കുകൾ നിർമ്മിക്കാനുണ്ട്. അതിൽ 73 കലുങ്കുകൾ പൂർത്തിയാക്കിക്കഴിഞ്ഞു. 36 എണ്ണത്തിന്റെ പണി പുരോഗമിച്ചുവരുന്നു. ബാക്കിയുള്ളതിന് ലാൻഡ് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം വേഗത്തിലാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ പ്രതികൂല കാലാവസ്ഥകൾ ഇതിനിടയിൽ വന്നതും നമുക്ക് വേഗത്തിൽ കാര്യങ്ങൾ നീക്കുന്നതിനു പ്രയാസമായി. കോടതി ഇടപാടുകൾമൂലം നിർമ്മാണ പ്രവർത്തനങ്ങളുടെ ചില ഭാഗങ്ങളിൽ തടസ്സം നിലനിൽക്കുന്നുണ്ട്. ആ തടസ്സം നീക്കി, യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തീകരിക്കുന്നതിനുള്ള സംവിധാനങ്ങളാണ് ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ളത്. അങ്ങു ചൂണ്ടിക്കാണിച്ച ഏറ്റവും വലിയ പ്രശ്നം അറ്റകുറ്റപ്പണികളാണ്. അതിൽ ചെറിയ ചില വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ടതിനാൽ കാലവർഷത്തിനിടയിൽ തന്നെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ശക്തമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ധനകാര്യവകുപ്പിൽനിന്ന് ഇതിനുള്ള പണം റിലീസ് ചെയ്യുന്നതിനുവേണ്ട നടപടികളുമായിട്ടുണ്ട്. കൺസൾട്ടൻസികളും അക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് പറഞ്ഞ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എം.സി. റോഡ് കടന്നുപോകുന്ന ഭാഗത്തെ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഇത് എങ്ങനെ വേഗത്തിലാക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഒരു യോഗം ഈ നിയമസഭാകോമ്പൗണ്ടിൽ തന്നെ വിളിച്ചു ചേർത്ത്, എം.സി. റോഡിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതിനകത്ത് ഞാൻ പറഞ്ഞതിൽ വേൾഡ് ബാങ്കിന്റെ സ്കീം മാത്രമേ അങ്ങ് സൂചിപ്പിച്ചിട്ടുള്ളൂ. കേശവദാസപുരം മുതലുള്ള റോഡിന്റെ പണി തുടങ്ങിയിട്ട് വളരെക്കാലമായി. അതിൽ ഇനി

LIBRARY ARCHIVES Kerala Legislative Assembly

വളരെ ചെറിയൊരു ഭാഗത്തിന്റെ പണി മാത്രമേയുള്ളൂ. കേശവദാസപുരം മുതൽ മരുതൂർ വരെയുള്ള ഭാഗമാണ് ഇനി നിർമ്മാണപ്രവർത്തനങ്ങൾ തീരാനുള്ളത്. പണി ഇഴഞ്ഞു നീങ്ങുകയാണ്. ബാക്കി പണി തീർന്നിട്ടുണ്ട്. ഇന്നലെ ഇതു സംബന്ധിച്ച് പത്രത്തിൽ ഒരു വാർത്ത വന്നു. അതാണ് ഞാൻ ചോദിക്കാൻ കാരണം. കോൺട്രാക്ടർക്ക് ബില്ല് കൊടുക്കാൻ കഴിയാത്തതുകൊണ്ട് അതിന്റെ പണി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ലെന്ന് കേരളത്തിലെ ഒരു പ്രമുഖ പത്രത്തിൽ വാർത്ത വന്നു. മൂന്നുനാലു കൊല്ലമായി ആ പണി തുടങ്ങിയിട്ട്. ഇനിയും ആ പണി നീണ്ടു പോകും. മറ്റേ റോഡിന്റെ പണി തീർന്നാലും ഇതിന്റെ പണി പൂർത്തിയാക്കണമല്ലോ. അതിന്റെ സ്ഥിതി എന്താണ്? പത്രത്തിൽ വന്ന വാർത്ത ശരിയാണോ? അങ്ങനെയാണെങ്കിൽ ഫണ്ട് ലഭ്യമാക്കാൻ ശ്രമിക്കുമോ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കനിഞ്ഞ് തിരുവനന്തപുരം എന്നുള്ള പരിഗണന വച്ച് കുറച്ചു കാശു കൊടുക്കാൻ തയ്യാറാകുമോ എന്നുള്ള കാര്യവും അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എം. കെ. മുനീർ: കരാറുകാർ വർക്ക് ഏറ്റെടുത്തതിനുശേഷം സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ചില സ്ഥലത്തൊക്കെ പ്രവൃത്തി മന്ദഗതിയിലായിട്ടുണ്ട്. അക്കാര്യം ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽക്കൊണ്ടു വന്നിട്ടുണ്ട്. ധനകാര്യ വകുപ്പിൽ നിന്ന് അനുകൂലമായിട്ടുള്ള സമീപനം ഏതാനും ദിവസങ്ങൾക്കകം ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണ്. വേഗത്തിൽ കാര്യങ്ങൾ നീക്കുന്നതിനുവേണ്ടി ശ്രമിക്കും. പത്രവാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ അക്കാര്യം ബന്ധപ്പെട്ടവരോടു സൂചിപ്പിക്കുകയും അതു മുന്നോട്ടു കൊണ്ടു പോകാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(2) വിവിധ ക്ഷേമപെൻഷനുകളും കോൺട്രാക്ടർമാർക്കുള്ള കുടിശ്ശികയും കൊടുത്തു തീർക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ടി. തോമസ്: സർ, കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ലോകത്തിലെ പല പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി കാണപ്പെടുന്നതിന്റെ പ്രധാന കാരണം കേരളാ ഗവൺമെന്റ് വർഷങ്ങളായി സ്വീകരിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളാണ്. അത്തരം പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് വാർദ്ധക്യകാലപെൻഷൻ, വിധവ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കു നൽകുന്ന സഹായം, കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം തുടങ്ങിയ ആനുകൂല്യങ്ങൾ. നാട്ടിൻപുറത്തെ സാധാരണക്കാരിൽ സാധാരണക്കാരായ, പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആളുകൾക്ക് ഓരോ മാസവും കിട്ടുന്ന പെൻഷൻ വലിയൊരു അനുഗ്രഹമാണ്. പലപ്പോഴും അവരുടെ ജീവിതം തന്നെ മുന്നോട്ടു കൊണ്ടു പോകുന്നത് നാമമാത്രമായി കിട്ടുന്ന ഈ തുക കൊണ്ടാണ്. തൊഴിലില്ലായ്മവേതനമായി 120 രൂപയോ കർഷകത്തൊഴിലാളി പെൻഷൻ തുകയായി 120 രൂപയോ ആണ്

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് കിട്ടുന്നതെങ്കിൽപ്പോലും ഈ പാവപ്പെട്ട ആളുകൾക്ക് അത് വലിയൊരു ആശ്രയമാണ്. ഇപ്പോൾ മഴക്കാലം വന്നിരിക്കുകയാണ്, നമ്മുടെ നാട്ടിൻപുറത്തെ ജനങ്ങൾ വളരെയേറെ പ്രയാസമനുഭവിക്കുന്ന ഒരു കാലഘട്ടം കൂടിയാണ്. തൊഴിലാളികൾക്ക് ജോലി ചെയ്യാനുള്ള സാഹചര്യങ്ങൾ കുറഞ്ഞു വരുന്നു. പെൻഷനായി നൽകേണ്ട തുക വളരെക്കാലമായി കുടിശ്ശികയായി കിടക്കുകയാണ്. ആ കുടിശ്ശികകൾ കൊടുത്തു തീർക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. "അവശന്മാർ, ആർത്തന്മാർ, ആലംബഹീനൻമാർ അവരുടെ സങ്കടമാരറിയാൻ." എന്നു പറയുന്നതുപോലെയാണ് ഇവരുടെ കാര്യം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് വർഷങ്ങളായി ഈ ആനുകൂല്യങ്ങൾ മുടങ്ങിപ്പോയിരുന്നു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം കുറച്ചൊക്കെ കൊടുത്തു. ഇനിയും ധാരാളം കുടിശ്ശികകൾ കൊടുത്തു തീർക്കാനുണ്ട്. . 26 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ മുടങ്ങിക്കിടക്കുകയാണ്. തൊഴിലില്ലായ്മവേതനം 25 മാസമായി മുടങ്ങിക്കിടക്കുകയാണ്. വിധവ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങി എല്ലാ പെൻഷനുകളും മുടങ്ങിക്കിടക്കുകയാണ്. 150 കോടിയിൽപ്പരം രൂപ അടിയന്തിരമായി കൊടുത്തു തീർത്തെങ്കിൽ മാത്രമേ പാവപ്പെട്ട ആളുകൾക്ക് സഹായം എത്തിക്കാൻ കഴിയുകയുള്ളൂ. അതിനായി ഈ തുകകളെല്ലാം അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിൽ വാർദ്ധക്യകാല പെൻഷനും, വിധവ പെൻഷനും, വികലാംഗ പെൻഷനും, 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കു നൽകുന്ന പെൻഷനും റവന്യൂ വകുപ്പിലൂടെയാണ് നൽകുന്നത്. കർഷകത്തൊഴിലാളി പെൻഷൻ ലേബർ ഡിപ്പാർട്ടുമെന്റുവഴിയാണ് നൽകുന്നത്. തൊഴിലില്ലായ്മവേതനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് കൊടുക്കുന്നത്. വിവിധ വകുപ്പുകൾ കൊടുക്കുന്ന ഈ വേതനങ്ങൾക്കെല്ലാം ഒരു ഏകീകൃത സ്വഭാവം ഉണ്ടാക്കാൻ കഴിയുമോ എന്നു ആലോചിക്കണം. കേരളത്തിലെ ആയിരക്കണക്കിനു വരുന്ന പഞ്ചായത്തുകളിലൂടെയും 50-ൽപ്പരം വരുന്ന മുനിസിപ്പാലിറ്റികളിലൂടെയും കോർപ്പറേഷനുകളിലൂടെയുമൊക്കെ തുക വിതരണം ചെയ്യുമ്പോൾ, കൃത്യസമയത്ത് ഈ പണം കിട്ടാതെ വരുന്നതുകൊണ്ട് ആളുകൾക്ക് ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. ചില ഡിപ്പാർട്ടുമെന്റുകൾ സമയത്തിനു കൊടുക്കുന്നില്ല. പാവപ്പെട്ട ആളുകൾ എല്ലാ മാസവും ഇതു ലഭിക്കുന്നതും കാത്തിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച്, ഇതിനൊരു ഏകീകൃത ഘടനയുണ്ടാക്കാൻ കഴിയുമോ എന്നുള്ളതുകൂടി ആലോചിക്കണം. അതുപോലെ റോഡു പണിക്കാരായ തൊഴിലാളികളെ ബാധിക്കുന്ന ഒരു കാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. റോഡ് പണി ചെയ്യുന്ന ആളുകൾക്ക് പൈസ കൊടുക്കണമെങ്കിൽ കോണ്ട്രാക്ടർമാർക്ക് പണം കിട്ടണം. പി.ഡബ്ല്യു.ഡി കോണ്ട്രാക്ടർമാർക്ക് 600 കോടി രൂപയോളവും ഇറിഗേഷന്റെ കോൺട്രാക്ടർമാർക്ക്, വെള്ളപ്പൊക്ക ദുരിതാശ്വാസം, കടൽഭിത്തി കെട്ടിയതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് 180

LIBRARY ARCHIVES Kerala Legislative Assembly

കോടിയോളം രൂപയും കൊടുക്കാനുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ കോൺട്രാക്ടർമാർക്ക് കൊടുക്കുന്നതിൽ നിന്നും 50 മുതൽ 80 ശതമാനത്തിൽ കൂടുതൽ പണവും പോകുന്നത് പാവപ്പെട്ട തൊഴിലാളികൾക്കാണ്. അതുകൊണ്ട് കുടിശ്ശിക തുക മുഴുവൻ അടിയന്തിരമായി കൊടുത്ത് സാധാരണക്കാരായ ജനങ്ങളെ സഹായിക്കാൻ, വളരെ നല്ല കാര്യങ്ങൾ ചെയ്തിട്ടുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ ഈ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജനക്ഷേമകരങ്ങളായ പല പദ്ധതികൾക്കും, കർഷകതൊഴിലാളി നിയമം ഉൾപ്പെടെയുള്ള നിയമം കൊണ്ടുവരാൻ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പഴയ കാലത്തു നൽകിയ ആ നേതൃത്വപരമായ വിശാലത ഇക്കാര്യത്തിൽക്കൂടി പ്രകടിപ്പിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട പി.ടി. തോമസ് ശ്രദ്ധക്ഷണിക്കലിലൂടെ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ കാലാകാലങ്ങളിൽ പാവപ്പെട്ടവർക്ക് കിട്ടിയില്ലെങ്കിൽ ജീവിക്കാൻ തന്നെ വളരെ പ്രയാസമാണെന്ന് ഗവൺമെന്റിനറിയാം. എന്നാൽ മാറി മാറി വരുന്ന ഗവൺമെന്റുകളെല്ലാം തന്നെ സാമ്പത്തിക ബുദ്ധിമുട്ടുകളും മറ്റു പരാധീനതകളുംമൂലം അത് സമയത്ത് കൊടുക്കാറില്ല. കുറെ സമ്മർദ്ദങ്ങൾ വരുമ്പോൾ ചെറിയ ഒരു തുക കൊടുക്കാറുണ്ട്. വളരെയേറെ കുടിശ്ശിക പല കാര്യത്തിലും വന്നിട്ടുണ്ട്. ഇതിനൊരു മാറ്റം വരുത്തണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം. ഈ ഗവൺമെന്റ് ഈ വിഭാഗം ആളുകൾക്ക് മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ആറിനങ്ങളിലാണ് ഗവൺമെന്റ് നേരിട്ടു പെൻഷൻ നൽകുന്നത്. ദേശീയ വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, തൊഴിലില്ലായ്മാ വേതനം, കർഷകതൊഴിലാളി പെൻഷൻ എന്നിവ. മറ്റു പല പെൻഷനുകളുണ്ടെങ്കിലും അതെല്ലാം വെൽഫെയർ ബോർഡു മുഖാന്തിരം പിരിച്ചാണ് കൊടുക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം, 2004-2005-ൽ മുമ്പുണ്ടായിരുന്നതിനെക്കാൾ വളരെ കൂടുതൽ കൊടുക്കാൻ ഈ ഗവൺമെന്റ് ശ്രമിച്ചു. 225.93 കോടി രൂപ കഴിഞ്ഞ വർഷം തന്നെ കൊടുക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മൂന്നു മാസത്തിനകം തന്നെ 109.92 കോടി രൂപയ്ക്കുള്ള ഉത്തരവുകൾ നൽകിക്കഴിഞ്ഞിരിക്കുകയാണ്. ദേശീയ വാർദ്ധക്യകാല പെൻഷന് 4.6 കോടി രൂപയും അഗതി പെൻഷൻ 15 കോടി രൂപയും വികലാംഗ പെൻഷൻ 10.45 കോടി രൂപയും 50 വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 1.37 കോടി രൂപയും തൊഴിലില്ലായ്മാ വേതനം 37.18 കോടി രൂപയും കർഷകതൊഴിലാളി പെൻഷൻ 40.32 കോടി രൂപയും ചേർത്ത് മൊത്തം 109.92കോടി രൂപ ഇതിനകം തന്നെ അനുവദിച്ചു കഴിഞ്ഞു. ഇതിനുപുറമെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഒരു പുതിയ കാര്യം ഇവരെ സഹായിക്കാൻ വേണ്ടി കൊണ്ടുവന്നു. അടുത്ത മാസം മുതൽ എല്ലാ വിഭാഗം പെൻഷനേഴ്സിനും എല്ലാ മാസവും പെൻഷൻ ലഭിക്കത്തക്കവണ്ണം പണം കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. എല്ലാ മാസവും ഒരു ഗഡു അവർക്ക് കിട്ടും. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഞാൻ മൂന്ന് നാല് പെൻഷനുകൾ current ആക്കുമെന്ന് പറഞ്ഞു. 11.00 A.M.] അതനുസരിച്ചുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. ഉദാഹരണത്തിന് ദേശീയ വാർദ്ധക്യകാല പെൻഷൻ 2005 ഫെബ്രുവരി മാസംവരെയെന്ന് ഞാൻ ബഡ്ജറ്റിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മാർച്ച് മാസത്തോടെ വിതരണം ചെയ്തു. ബാക്കി 2005 മെയ് മാസം വരെയുള്ള ഗഡുക്കൾ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ആഗസ്റ്റ് മാസം മുതൽ മാസംതോറും വിതരണം ചെയ്യുന്നതിനുവേണ്ടി 1.50 കോടി രൂപ ഇതിനുവേണ്ടി നൽകുന്നതാണ്. അപ്പോൾ ഇനി അത് current ആകും. അതുപോലെ അഗതി പെൻഷൻ, വികലാംഗ പെൻഷൻ ഇതും മാസംതോറും നൽകാൻ വേണ്ടി 4.45 കോടി രൂപ നൽകുന്നതാണ്. ഇതുവരെയുള്ളതെല്ലാം current ആക്കി. ഇതിനുപുറമെ അടുത്തമാസം മുതൽ വികലാംഗ പെൻഷൻ 110 രൂപയിൽ നിന്ന് 140 രൂപയായി ഉയർത്തുന്നതാണ്. 50 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്ക് നൽകി വരുന്ന ധനസഹായത്തിന്റെ കുടിശ്ശിക തീർക്കാൻ തുക അനുവദിച്ചു കഴിഞ്ഞു. ഇത് പ്രകാരവും മേലിൽ എല്ലാ മാസവും വിതരണം ചെയ്യുന്നതിനായി 28 ലക്ഷം രൂപ നൽകുന്നതാണ്. തൊഴിലില്ലായ്മാ വേതനം 2003 മെയ് മാസംവരെയുള്ള ഗഡുക്കളാണ് 2005 മാർച്ച് മാസം മുതൽ വിതരണം ചെയ്തത്. അതിനുശേഷം 2003 ജൂൺ മാസം മുതൽ സെപ്റ്റംബർ മാസം വരെ നാല് മാസ ഗഡുക്കൾ വിതരണം ചെയ്യുന്നതിനുള്ള അനുമതിയും അതിനാവശ്യമായ 18.59 കോടി രൂപയും ഇതിനോടകം നൽകി കഴിഞ്ഞു. ഇതിനുപുറമെ കുടിശ്ശികയായിട്ടുള്ള നാല് ഗഡുക്കൾ കൂടി ഈ വരുന്ന ഓണത്തിനുമുൻപ് വിതരണം ചെയ്യുന്നതാണ്. ഈ സാമ്പത്തിക വർഷംതന്നെ ഓണത്തിന് മുൻപ് എട്ട് മാസത്തെ തൊഴിലില്ലായ്മാ വേതനം നൽകും. അതിനുപുറമെ മാസംതോറും തൊഴിലില്ലായ്മാ വേതനം നൽകുന്നതിനുവേണ്ടി 4.5 കോടി രൂപ പ്രതിമാസം നൽകും. എന്നുപറഞ്ഞാൽ അടുത്ത മാസം മുതൽ തൊഴിലില്ലായ്മാ വേതനം അതാതു മാസം തന്നെ അവരവർക്ക് കിട്ടുന്നതാണ്. അതുപോലെതന്നെ കർഷകത്തൊഴിലാളി പെൻഷൻ. 2003 മാർച്ച് മാസംവരെയുള്ള ഗഡുക്കൾ 2005 മാർച്ച് മാസത്തോടെ വിതരണം ചെയ്തിരുന്നു. 2003 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള മൂന്ന് ഗഡുക്കൾക്കൂടി വിതരണം ചെയ്യുന്നതിനുള്ള അനുമതിയും അതിനാവശ്യമായ 20.16 കോടി രൂപയും ഈ സാമ്പത്തിക വർഷം തന്നെ നൽകിക്കഴിഞ്ഞു. ഇനി 2003 ജൂലൈ മാസം മുതൽ സെപ്റ്റംബർ മാസംവരെയുള്ള മൂന്ന് മാസത്തെ ഗഡുക്കൾക്കൂടി വിതരണം ചെയ്യുന്നതിനാവശ്യമായ 20.16 കോടി രൂപയും ഇപ്പോൾ അനുവദിച്ചു കഴിഞ്ഞു. കൂടാതെ അടുത്ത മാസം മുതൽ എല്ലാ മാസവും ഓരോ മാസഗഡു വീതം നൽകുന്നതാണ്. ഇതിന് പ്രതിമാസം 6.72 കോടി രൂപ വീതം നൽകുന്നതാണ് ഈ വിഭാഗം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മാസംതോറും അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ കിട്ടുന്നുവെന്നുള്ളത് ഏറ്റവും വലിയ ഒരനുഗ്രഹമായിരിക്കുമെന്ന് ഗവൺമെന്റ് കരുതിയതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു തീരുമാനം എടുത്തത്. ഇവിടെ പൊതുമരാമത്ത് വകുപ്പിലും ഇറിഗേഷൻ വകുപ്പിലും കാശ് കൊടുക്കുന്നില്ലെന്നും അതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ടെന്നും ശ്രീ. ആർ. ബാലകൃഷ്ണ പിള്ള ഉൾപ്പെടെയുള്ളവർ പറയുകയുണ്ടായി. അത് വളരെ ശരിയാണ്. ഗവൺമെന്റിന്റെ സാമ്പത്തിക പരാധീനതകൾമൂലവും കാലാകാലങ്ങളിൽ ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയേക്കാൾ കൂടുതൽ പ്രാധാന്യം വികസനത്തിനുവേണ്ടിയുള്ള താൽപര്യത്തിൽ കാണിച്ചതുകൊണ്ടും, ആ രംഗത്ത് കൂടുതൽ പണികൾ ചെയ്തതുകൊണ്ടും വളരെയധികം അരിയേഴ്സ് ഉണ്ടായി. എന്തെല്ലാം സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഇങ്ങനെ വർഷങ്ങളോളം കാശ് കൊടുക്കാതിരിക്കുന്നത് ശരിയായ നടപടിയല്ലെന്ന് ഗവൺമെന്റ് കരുതുകയാണ്. ഇപ്പോൾ റോഡ്സ് ആന്റ് ബ്രിഡ്ജസിന് 31-3-2003 വരെയുള്ള കാശ് മാത്രമാണ് കൊടുത്തിട്ടുള്ളത്. ഏതായാലും എത്ര ബുദ്ധിമുട്ടുണ്ടെങ്കിലും ആറ് മാസത്തെ അരിയേഴ്സ് അതായത് 30-9-2003 വരെയുള്ള അരിയേഴ്സ് കൊടുക്കാൻവേണ്ടി 122 കോടി രൂപ അനുവദിച്ചു. ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്ക്സിനും 31-3-2004 വരെ കൊടുത്തിട്ടുണ്ടായിരുന്നു അതും എട്ട് മാസത്തെ അരിയേഴ്സ് കൊടുക്കാൻ തീരുമാനിച്ച് ഉത്തരവിറക്കി അതിന്റെ അടിസ്ഥാനത്തിൽ 30-11-2004 വരെയുള്ള അരിയേഴ്സ് കൊടുത്തുതീർക്കുന്നതിനുവേണ്ടി 82 കോടി രൂപ അനുവദിച്ചു. ഇറിഗേഷനിൽ 31-3-2004 വരെയാണ് കൊടുത്തിട്ടുള്ളത്. അതും നാല് മാസത്തെയ്ക്ക് കൊടുക്കുന്നു. 31-7-2004 വരെ കൊടുക്കാനുള്ള ഉത്തരവ് നൽകി. അതിന് 43 കോടി രൂപ അനുവദിച്ചു. അങ്ങനെ ഈ മൂന്ന് ഇനങ്ങളിലായി 247 കോടി രൂപ അനുവദിച്ചു. ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മിനിസ്റ്റർ എന്നും എന്നോട് പറയുമായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന് വളരെ സന്തോഷമായിക്കാണുമെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് ശ്രീ. പി. ടി. തോമസിന്റെ ആകാംക്ഷയ്ക്ക് വലിയ വകയില്ല. മാസംതോറും പെൻഷൻ കൊടുക്കാൻ തീരുമാനിച്ചത് തീർച്ചയായിട്ടും ഈ കാലഘട്ടത്തിലെ ഒരു വിപ്ലവകരമായ പരിവർത്തനമായി ഗവൺമെന്റ് കാണുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ടുതന്നെ ഒരു കാര്യം കൂടി പറയട്ടെ ഈ സാമൂഹ്യക്ഷേമ പെൻഷനുകൾ ഏകീകൃതമായ ഏകജാലകത്തിലൂടെ കൊടുക്കാൻ, ഒന്നുകിൽ തദ്ദേശഭരണ വകുപ്പോ അല്ലെങ്കിൽ പുതിയതായി രൂപീകരിച്ചിട്ടുള്ള Disaster Management വഴിയോ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ആലോചിക്കാം. പക്ഷെ അടിയന്തിരമായി അടുത്ത മാസം മുതൽ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിയുമോയെന്നുള്ളത് എനിക്ക് അറിഞ്ഞുകൂടാ. അടുത്ത മാസം മുതൽ സാമൂഹ്യ ക്ഷേമ പെൻഷനുകൾ കൊടുക്കാനുള്ള തുക ഓരോ ഡിപ്പാർട്ടുമെന്റിനും അനുവദിക്കുന്നതാണ്. ഡിപ്പാർട്ടുമെന്റുകൾ തീർച്ചയായിട്ടും അതാത് മാസംതന്നെ വിതരണം ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

IV. സബ്മിഷൻ

(1) എഴുത്തുപരീക്ഷയ്ക്കു പുറമെ ഇന്റർവ്യൂകൂടി നടത്താനുള്ള പി.എസ്.സി. തീരുമാനം

ശ്രീ. പി. എസ്. സുപാൽ: പി.എസ്.സി.-യുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശം കേരളത്തിലെ ഉദ്യോഗാർത്ഥികളിൽ കടുത്ത ആശങ്ക സൃഷ്ടിച്ച സാഹചര്യത്തിലാണ് ഇത്തരമൊരു സബ്മിഷൻ ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. പി.എസ്.സി.-യുടെ എൽ.ഡി.സി., സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, ലാസ്റ്റ് ഗ്രേഡ് തുടങ്ങിയ തസ്തികകളിൽ എഴുത്തുപരീക്ഷ കൂടാതെ ഇന്റർവ്യൂകൂടി നടത്താനുള്ള ഒരു തീരുമാനം അറിയുകയുണ്ടായി. അത് സംസ്ഥാനത്തെ ഉദ്യോഗാർത്ഥികളിലും അതുപോലെതന്നെ എല്ലാപേരിലും കടുത്ത ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. സാധാരണ ഗതിയിൽ ഉയർന്ന തസ്തികകൾക്കാണ് ഇന്റർവ്യൂ നടത്തുന്നത്. ചില ഘട്ടങ്ങളിൽ ഉയർന്ന തസ്തികകളിലേക്കു എഴുത്തു പരീക്ഷമാത്രം നടത്തുന്ന സാഹചര്യവുമുണ്ട്. അങ്ങനെയുള്ള അവസരത്തിൽ ഇത് അപ്രായോഗികമായി നടപ്പിലാക്കാൻ ശ്രമിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സംസ്ഥാനത്ത് തൊഴിലില്ലാത്ത ലക്ഷോപലക്ഷം ജനങ്ങളുണ്ട്. ലാസ്റ്റ് ഗ്രേഡ് നിയമനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളുടെ എണ്ണത്തെക്കുറിച്ച് അങ്ങയ്ക്ക് അറിയാമല്ലോ. ലക്ഷക്കണക്കിന് അപേക്ഷകളാണ് പി.എസ്.സി.-യിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ തൊഴിൽ രഹിതരായിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സംശയം ദൂരീകരിക്കാനാവശ്യമായ നടപടികളുണ്ടാകണം. പി.എസ്.സി ഒരു സ്വതന്ത്ര ബോഡിയൊക്കെയാണെങ്കിലും പി.എസ്.സി.-യിൽ 16 മെമ്പർമാരാണുള്ളത്. ഉദ്യോഗാർത്ഥികൾക്ക് ജോലി കൊടുക്കുകയെന്നുള്ളതാണ് പി.എസ്.സി.-യുടെ ഉത്തരവാദിത്വം. അല്ലാതെ 16 മെമ്പർമാർക്ക് ജോലി കൊടുക്കുകയെന്നുള്ള ജോലിയല്ല നിർവഹിക്കേണ്ടത്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകണം. ഈ തീരുമാനം പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*): സർ, ക്ലറിക്കൽ, പ്യൂൺ തസ്തികകളിലേക്ക് എഴുത്തുപരീക്ഷ മാത്രം നടത്തിയാണ് ലിസ്റ്റ് തയ്യാറാക്കി വന്നിരുന്നത്. സാങ്കേതിക എക്സിക്യൂട്ടീവ് തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് എഴുത്തു പരീക്ഷയോടൊപ്പം ഇന്റർവ്യൂവും നടത്തിയിരുന്നു. സർക്കാരിന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുക എന്നത് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. പരീക്ഷ രീതിയും മറ്റു കാര്യങ്ങളും പി.എസ്.സി.യാണ് നിശ്ചയിക്കുന്നത്. ഈ രണ്ടു വിഭാഗത്തിൽ ഇന്റർവ്യൂ നടത്താനായിട്ടാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. പി.എസ്.സി.യുടെ ഈ തീരുമാനം സർക്കാരിനെ അറിയിച്ചിട്ടു പോലുമില്ല. കാരണം പി.എസ്.സി.ക്ക് അതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ഉണ്ട്. ഇതിലിടപെട്ടാൽ പി.എസ്.സി.യുടെ ദൈനംദിന കാര്യത്തിൽ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly